Deivarajyam September 2015
● R.N.7623/63
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/9/2015
● Posted at Thodupuzha Stg.
Annual Subscription ₹ 100.00

# ദൈവരാജ്യം

## കോതമംഗലം രൂപത ബുള്ളറ്റിൻ

EPARCHY OF KOTHAMANGALAM







വാല്യം 54
സെപ്തംബർ 2015
ലക്കം 9

Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691



**അദിലാബാദ് രൂപതയുടെ നിയുക്തമെത്രാൻ**
**അഭിവന്ദ്യ മാർ ആന്റണി പാണേങ്ങാടൻ പിതാവിനും**



**കാനഡയിലെ സീറോമലബാർ എക്സാർക്കേറ്റിന്റെ നിയുക്ത എക്സാർക്ക്**
**അഭിവന്ദ്യ മാർ ജോസ് കല്ലുവേലിൽ പിതാവിനും**

**കോതമംഗലം രൂപതാകുടുംബത്തിന്റെ**
**അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും...!**

# കോതമംഗലം രൂപത
# വിഷൻ 2020



## പ്രാർത്ഥന

നീതിയിലും വിശുദ്ധിയിലും കുടുംബങ്ങൾ ഒന്നുചേർന്ന്
സ്നേഹസമൂഹമായി, ദരിദ്രർക്ക് സദ്വാർത്തയായി,
യേശുവിന് സാക്ഷ്യമായി മുന്നേറുന്ന രൂപതാസമൂഹം
എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ
കർത്താവേ ഞങ്ങളെ സഹായിക്കണമേ.
ആമ്മേൻ.

# ദൈവരാജ്യം

OFFICIAL ORGAN OF THE EPARCHY OF KOTHAMANGALAM

Vol. LIV No. 9 September 2015


Ref: 2895/K-5/KCBC/OL/DS 25.08.2015

## സൃഷ്ടിയുടെ സംരക്ഷണത്തിനുവേണ്ടി ലോകപ്രാർത്ഥനാദിന സ്ഥാപനപ്രഖ്യാപനം

### ഫ്രാൻസിസ് മാർപാപ്പാ

എന്റെ വന്ദ്യസഹോദരന്മാരായ, നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ പ്രസിഡന്റായ കാർഡിനൽ പീറ്റർ കോഡ്‌വോ അപ്പിയ ടർക്ക്സൺ, ക്രൈസ്തവ ഐക്യം വളർത്തുന്നതിനുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ പ്രസിഡന്റായ കാർഡിനൽ കുർട്ട് കോക് എന്നിവർക്ക്.

സൃഷ്ടിയുടെ ഭാവിയെക്കുറിച്ച് (cf. Encyclical Letter *Laudato Si,* 7-9) എന്റെ പ്രിയ സഹോദരനായ എക്യുമെനിക്കൽ പാത്രിയാർക്കീസ് ബർത്തലോമിയോയ്ക്കുള്ള ഉത്കണ്ഠയിൽ പങ്കുചേർന്നുകൊണ്ടും, അദ്ദേഹത്തിന്റെ പ്രതിനിധിയും, നമ്മുടെ പൊതുഭവനത്തിന്റെ സംരക്ഷണത്തെക്കുറിച്ചുള്ള "അങ്ങേക്കു സ്തുതി"യെന്ന ചാക്രികലേഖനത്തിന്റെ അവതരണത്തിൽ പങ്കുചേർന്ന വ്യക്തിയുമായ പെർഗാമുമിലെ മെത്രാപ്പോലീത്തയായ യോവാന്നിസിന്റെ നിർദേശം പരിഗണിച്ചുകൊണ്ടും ഒരു കാര്യം നിങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു: "സൃഷ്ടി സംരക്ഷണത്തിനുവേണ്ടിയുള്ള ലോക പ്രാർത്ഥനാദിനം" കത്തോലിക്കാസഭയിലും ആചരിക്കാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു. ഈ വർഷം തുടങ്ങുന്ന ആ പ്രാർത്ഥനാദിനം, കുറേക്കാലമായി ഓർത്തഡോക്സുസഭ ആചരിക്കുന്നതുപോലെ, സെപ്തംബർ 1-ന് തന്നെയായിരിക്കും.



മനുഷ്യവംശം ഇന്നു കടന്നുപോകുന്ന പാരിസ്ഥിതിക പ്രതിസന്ധി തരണം ചെയ്യുന്നതിന് ക്രൈസ്തവരെന്ന നിലയിൽ നമ്മുടെ സംഭാവന നല്കാൻ നമ്മൾ ആഗ്രഹിക്കുന്നു. അതുകൊണ്ട് ഒന്നാമതായി സൃഷ്ടിപരിപാലനത്തിനുള്ള നമ്മുടെ തീവ്രവികാരത്തെ വളർത്തുന്ന കാരണങ്ങളെ നമ്മുടെ സമ്പന്നമായ ആധ്യാത്മിക പൈതൃകത്തിൽ നിന്ന് സ്വീകരിക്കണം. നമുക്കുവേണ്ടി മനുഷ്യനായിത്തീർന്ന ദൈവവചനമായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരാണു നമ്മൾ. അങ്ങനെയുള്ള നമ്മെ സംബന്ധിച്ചിടത്തോളം "ആത്മാവിന്റെ ജീവിതം ശരീരത്തിൽ നിന്നോ പ്രകൃതിയിൽ നിന്നോ ലൗകിക യാഥാർത്ഥ്യങ്ങളിൽ നിന്നോ വേർപെട്ടു നില്ക്കുന്നതല്ല; നമുക്കു ചുറ്റുമുള്ള എല്ലാറ്റിനോടുമുള്ള കൂട്ടായ്മയിൽ, അവയിലും അവയോടുകൂടെയും ജീവിക്കപ്പെടുന്നതാണ്" (cf ibid 216). അതുകൊണ്ട് പാരിസ്ഥിതിക പ്രതിസന്ധി നമ്മിൽ നിന്ന് അഗാധമായ ആധ്യാത്മിക മാനസാന്തരം ആവശ്യപ്പെടുന്നു: "ക്രൈസ്തവർ പാരിസ്ഥിതിക മാനസാന്തരത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. അതുവഴി യേശുക്രിസ്തുവുമായിട്ടുള്ള അവരുടെ കണ്ടുമുട്ടലിന്റെ ഫലങ്ങൾ അവരുടെ ചുറ്റുമുള്ള ലോകവുമായി അവർ പുലർത്തുന്ന ബന്ധത്തിൽ പ്രകടമാകും" (cf. ibid 217). അങ്ങനെ "ദൈവത്തിന്റെ കരവേലയുടെ സംരക്ഷകരായിരിക്കാൻ നമുക്കു ലഭിച്ചിട്ടുള്ള വിളിക്കനുസൃതമായി ജീവിക്കുന്നത് പുണ്യജീവിതത്തെ സംബന്ധിച്ചിടത്തോളം സാരാംശപരമാണ്. അത് ക്രൈസ്തവാനുഭവത്തിന് ഒരു ഐച്ഛികവിഷയമല്ല, അപ്രധാനവശവുമല്ല" (ibid).

സൃഷ്ടിയുടെ സൂക്ഷിപ്പുകാരായിരിക്കാൻ നമുക്കു ലഭിച്ച ഈ വിളിയിൽ നമ്മുടെ വ്യക്തിപരമായ ഭാഗഭാഗിത്വം നവീകരിക്കാനും, ദൈവം നമ്മുടെ സൂക്ഷത്തിന് ഏല്പിച്ചിട്ടുള്ള വിസ്മയനീയ സൃഷ്ടിയുടെ സംരക്ഷണത്തിന് അവിടത്തെ സഹായം യാചിക്കാനും, നാം ജീവിക്കുന്ന ലോകത്തിനെതിരേ ചെയ്യപ്പെട്ടിട്ടുള്ള പാപങ്ങൾക്ക് അവിടത്തോടു കരുണാപൂർണമായ മാപ്പു ചോദിക്കാനുമായി ഓരോ വിശ്വാസിക്കും സമൂഹത്തിനും ലഭിക്കുന്ന അമൂല്യമായ അവസരമാണ് സൃഷ്ടിപരിപാലനത്തിനുള്ള വാർഷിക ലോകപ്രാർത്ഥനാദിനാചരണം.

ഓർത്തഡോക്സുസഭ പ്രാർത്ഥനാദിനം ആചരിക്കുന്ന അതേ തീയതിയിൽ നമ്മളും ആചരിക്കുന്നത്, ഓർത്തഡോക്സുസഭയിലുള്ള നമ്മുടെ സഹോദരങ്ങളുമായി നമുക്കുള്ള വർദ്ധമാനമായ കൂട്ടായ്മയ്ക്കു സാക്ഷ്യം വഹിക്കുന്നതിനുള്ള വിലപ്പെട്ട അവസരമായിരിക്കും.

എല്ലാ ക്രിസ്ത്യാനികളും സമാനവും സുപ്രധാനവുമായ വെല്ലുവിളികളെ നേരിടുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അതുകൊണ്ട് അവയോടുള്ള നമ്മുടെ പ്രത്യുത്തരങ്ങൾ പൊതുവായിട്ടുള്ളതായിരിക്കണം. അവ കൂടുതൽ വിശ്വസനീയവും ഫലപ്രദവുമായിരിക്കുന്നതിനുവേണ്ടിത്തന്നെ. അതുകൊണ്ട് ഈ ദിനാചരണം മറ്റു സഭകളെയും വിശ്വാസസമൂഹങ്ങളെയും ഉൾച്ചേർക്കുമെന്നും സഭകളുടെ ലോകകൗൺസിൽ ഈ വിഷയസംബന്ധിയായി വളർത്തിയെടുക്കുന്ന സംരംഭങ്ങളുമായി ഐക്യപ്പെട്ട് ആചരിക്കുമെന്നും ഞാൻ പ്രത്യാശിക്കുന്നു.

നീതിക്കും സമാധാനത്തിനുംവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ പ്രസിഡന്റായിരിക്കുന്ന അല്ലയോ കർദിനാൾ ടർക്ക്സൺ, അങ്ങയോടു ഞാൻ ഒരു കാര്യം അഭ്യർത്ഥിക്കുന്നു. മെത്രാന്മാരുടെ കോൺഫ്രൻസുകളിൽ നീതിക്കും സമാധാനത്തിനുംവേണ്ടിയുള്ള കമ്മീഷനുകളെയും പാരിസ്ഥിതിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ദേശീയവും അന്തർദേശീയവുമായ സംഘടനകളെയും സൃഷ്ടി പരിപാലനത്തിനായുള്ള ലോകപ്രാർത്ഥനാദിനത്തിന്റെ സ്ഥാപനത്തെക്കുറിച്ച് അറിയിക്കണം. ഈ ആചരണത്തിൽ, ആവശ്യങ്ങളും പ്രാദേശിക സാഹചര്യവുമനുസരിച്ച്, ദൈവജനം മുഴുവനും - വൈദികരും സന്ന്യാസിനീ സന്ന്യാസികളും അല്മായരും - വേണ്ടവിധം പങ്കെടുക്കുന്നതിനു വേണ്ടിയാണത്.

ഇക്കാരണത്താൽ മെത്രാന്മാരുടെ കോൺഫ്രൻസുകളുമായുള്ള സഹകരണത്തോടെ ഈ ദിവസത്തെ വളർത്തുന്നതിനും പ്രകാശിപ്പിക്കുന്നതിനും പ്രസക്തമായ സംരംഭങ്ങൾ തുടങ്ങുകയെന്നത് ഈ വകുപ്പിന്റെ ദൗത്യമായിരിക്കും. അങ്ങനെ വർഷം തോറുമുള്ള ഈ ആചരണം പ്രാർത്ഥനയുടെയും വിചിന്തനത്തിന്റെയും മാനസാന്തരത്തിന്റെയും സമുചിതമായ ജീവിതശൈലികൾ സ്വീകരിക്കുന്നതിന്റെയും സുശക്തമായ നിമിത്തമായിത്തീരട്ടെ.

ക്രൈസ്തവ ഐക്യം വളർത്തുന്നതിനുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ പ്രസിഡന്റായിരിക്കുന്ന അല്ലയോ കർദിനാൾ കോക്ക്, എക്യുമെനിക്കൽ പ്രേട്രിയാർക്കേറ്റുമായും മറ്റുള്ള എക്യുമെനിക്കൽ സംഘടനകളുമായും വേണ്ട സമ്പർക്കം പുലർത്തണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു. ഈ ലോകദിനാചരണം ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും ഒന്നിച്ച് ഒരേ പാതയിലൂടെ സഞ്ചരിക്കുന്നതിന്റെ അടയാളമായിത്തീരട്ടെ. സഭകളുടെ ലോകകൗൺസിൽ തുടങ്ങിയിട്ടുള്ള സമാനമായ സംരംഭങ്ങളെ ഏകോപിപ്പിക്കുന്നതിൽ ശ്രദ്ധിക്കുകയെന്നതും അങ്ങയുടെ വകുപ്പിന്റെ, കാര്യാലയത്തിന്റെ, ദൗത്യമായിരിക്കും.



സൃഷ്ടിയുടെ പരിപാലനത്തിനുവേണ്ടിയുള്ള ലോകപ്രാർത്ഥനാദിനാചരണത്തിന്റെ നല്ല തുടക്കത്തിനും വികസനത്തിനും ആവുന്നത്ര വിശാലമായ സഹകരണമുണ്ടാകുമെന്നു പ്രതീക്ഷിച്ചുകൊണ്ട് ദൈവമാതാവായ കന്യകാമറിയത്തിന്റെയും വിശുദ്ധ ഫ്രാൻസിസ് അസീസിയുടെയും-അദ്ദേഹമാണല്ലോ സ്രഷ്ടാവിനെ സ്തുതിച്ചുകൊണ്ടും സൃഷ്ടിയെ ആദരിച്ചുകൊണ്ടും ജീവിക്കാൻ സന്മനസ്സുള്ള അനേകം സ്ത്രീ പുരുഷന്മാരെ പ്രചോദിപ്പിക്കുന്ന സൃഷ്ടികളെ സംബന്ധിച്ച കീർത്തനം ആലപിച്ചത്-മധ്യസ്ഥത ഞാൻ യാചിക്കുന്നു.

പ്രിയ കർദിനാൾമാരേ, നിങ്ങൾക്കും നിങ്ങളോടു സഹകരിക്കുന്ന എല്ലാവർക്കും ഞാൻ ഹൃദയപൂർവം നല്കുന്ന അപ്പസ്തോലികാശീർവാദത്തോടൊപ്പം ഈ പ്രതിജ്ഞയെ ഞാൻ പിന്താങ്ങുന്നു.

വത്തിക്കാനിൽ നിന്ന് 2015 ആഗസ്റ്റ് 6-ാംതീയതി കർത്താവിന്റെ രൂപാന്തരീകരണത്തിരുനാൾ ദിവസം

**ഫ്രാൻസിസ് മാർപാപ്പാ**

---

Prot. No.151/2015

ദൈവകൃപയാൽ

കോതമംഗലം രൂപതയുടെ മെത്രാനായ

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**

നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും

സന്യാസിനീസന്യാസികൾക്കും

അല്മായ വിശ്വാസികൾക്കും എഴുതുന്നത്

## വിഷൻ 2020 - സർക്കുലർ

## മൂല്യാധിഷ്ഠിത ആദ്ധ്യാത്മികതയും ജീവിതവും

2015 ജൂലൈ 19 മുതൽ 23 വരെ മൂവാറ്റുപുഴ നെസ്റ്റിൽ നടന്ന എപ്പാർക്കിയൽ അസംബ്ലിയിലൂടെ ഉരുത്തിരിഞ്ഞ വിഷൻ 2020 നമ്മുടെ ചിന്തയ്ക്ക് വിഷയീഭവിപ്പിക്കുകയും നിർദ്ദേശിച്ചിരിക്കുന്ന കർമ്മപദ്ധ

തികൾ ക്രമാനുഗതമായി ആവിഷ്കരിക്കുകയും ചെയ്യുന്ന സമയമാണല്ലോ ഇത്. എപ്പാർക്കിയൽ അസംബ്ലിക്ക് തിരഞ്ഞെടുത്ത വിഷയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും പ്രഥമ പരിഗണന നല്കി അവതരിപ്പിച്ചതും "ആത്മീയതയും ജീവിതവും" എന്ന വിഷയമായിരുന്നു. സർവ്വേഫലങ്ങളുടെ വിശകലനത്തിലൂടെ തിരിച്ചറിഞ്ഞ ചില കാര്യങ്ങളുടെ വെളിച്ചത്തിൽ ഒരു പുനർവിചിന്തനവും ആത്മപരിശോധനയും നടത്തി മാനസാന്തരത്തിനും ജീവിത നവീകരണത്തിനും വാതിൽ തുറന്നിടുക എന്നതായിരുന്നു ഈ വിഷയാവതരണത്തിന്റെ ലക്ഷ്യം.

ആത്മീയതയെക്കുറിച്ചുള്ള പൊതുവായ ധാരണ പലപ്പോഴും ഭാഗികമാണ്. ആചരണങ്ങളിലും ഭക്താനുഷ്ഠാനങ്ങളിലും വളരെ മികച്ചു നില്ക്കുന്നു എന്ന് സ്വയം വിലയിരുത്തുമ്പോഴും സത്യം, നീതി, കരുണ, സ്നേഹം, സഹാനുഭൂതി തുടങ്ങിയ മൂല്യങ്ങൾ പലപ്പോഴും നമുക്കന്യമാകുന്നു എന്ന തിരിച്ചറിവ് ആത്മീയതയെ പുനർനിർവചിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. മൂല്യാധിഷ്ഠിതമല്ലാത്ത നിയമപാലനത്തെ ഈശോ രൂക്ഷമായി വിമർശിക്കുന്നത് "നിങ്ങൾ... നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ നീതി, കാരുണ്യം, വിശ്വസ്തത എന്നിവ അവഗണിക്കുന്നു" (മത്താ. 23:23) എന്നു പറഞ്ഞാണല്ലോ. "നിങ്ങൾ വചനം ശ്രവിക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനുവർത്തിക്കുന്നവരും ആയിരിക്കുവിൻ" (യാക്കോ. 1:22) എന്ന യാക്കോബ് ശ്ലീഹായുടെ ഉദ്ബോധനത്തിന് ഉദാഹരണമെന്നവണ്ണം "ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരരും" (ലൂക്കാ 8:21) എന്ന യേശുവിന്റെ വാക്കുകൾ നിലകൊള്ളുകയാണ്. യേശുവിന്റെ നാമത്തിൽ പ്രവചിക്കുകയും പിശാചുക്കളെ പുറത്താക്കുകയും നിരവധി അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തു എന്ന് അവകാശപ്പെടുന്നവരും സ്വർഗ്ഗീയ പിതാവിന്റെ മനസ്സറിഞ്ഞ് പ്രവർത്തിച്ചില്ലായെങ്കിൽ അനീതി പ്രവർത്തിക്കുന്നവരായി ഗണിക്കപ്പെടുമെന്നും സ്വർഗ്ഗവാതിൽ അവർക്കെതിരെ അടയ്ക്കപ്പെടുമെന്നുമുള്ള മുന്നറിയിപ്പ് ഈശോ നല്കുന്നുണ്ടല്ലോ (മത്താ. 7:21-23). അന്ത്യവിധിദിനത്തിൽ കർത്താവിന്റെ വലത്തുവശത്ത് തിരഞ്ഞെടുക്കപ്പെട്ടവരുടെ കൂടെ നില്ക്കാൻ യോഗ്യത നേടുന്നത് ദാഹിക്കുന്നവർക്ക് ജലം നല്കിയവരും വിശക്കുന്നവർക്ക് അപ്പം നല്കിയവരും വസ്ത്രം ഇല്ലാത്തവരെ ഉടുപ്പിച്ചവരും പാർപ്പിടമില്ലാത്തവർക്ക് കിടപ്പാടം നല്കിയവരും രോഗികളുടെയും പീഡിതരു



ടെയും കാരാഗൃഹവാസികളുടെയും വേദന തിരിച്ചറിഞ്ഞ് സാന്ത്വനവുമായി സമീപിച്ചവരുമാണ് (മത്താ. 25:35-36) എന്ന വസ്തുതയും നാമോർക്കേണ്ടതുണ്ട്. താഴ്വാരത്തിൽ തന്നെ കാത്തു നില്ക്കുന്ന ആളുകളെ കാണുമ്പോൾ ഇടയനില്ലാത്ത ആടുകളോട് എന്നതുപോലെ കരുണ തോന്നുന്ന കർത്താവ് (മത്താ. 9:36) 'നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും' എന്ന് പഠിപ്പിക്കുന്ന ഗുരു (യോഹ. 8:32) 'നീതിക്കു വേണ്ടി പീഡനമേല്ക്കുന്നവർക്കുള്ളതാണ് സ്വർഗ്ഗരാജ്യം' എന്ന് ഉറപ്പു നല്കുന്ന മിശിഹാ (മത്താ. 5:10) ഇതേ കാരുണ്യവും സത്യവും നീതിയും സ്വന്തം ജീവിതങ്ങളിൽ പുലർത്തുവാൻ നാമോരോരുത്തരെയും ക്ഷണിക്കുകയാണ്. ഈശോയുടെ ഈ വിളിക്ക് അനുയോജ്യമായ പ്രത്യുത്തരം നല്കുവാൻ നമ്മെ സഹായിക്കുന്ന ചില തീരുമാനങ്ങളാണ് വിഷൻ 2020-ന്റെ ലക്ഷ്യങ്ങളിൽ ഉൾച്ചേർത്തിട്ടുള്ളത്. വ്യക്തിജീവിതത്തിലും ഇടവകയിലും രൂപതയിലും അവ എപ്രകാരം നടപ്പിലാക്കുവാൻ സാധിക്കും എന്നതായിരിക്കണം ഇനി യുള്ള നമ്മുടെ ചർച്ചാവിഷയം.

നമ്മുടെ ആഘോഷങ്ങളിലും നിർമ്മാണപ്രവർത്തനങ്ങളിലും ആഡംബരവും ധൂർത്തും വർദ്ധിക്കുന്നു എന്നതായിരുന്നു സർവ്വേയിലെ വിലയിരുത്തൽ. ഇടവകജനങ്ങൾക്ക് ഒരുമിച്ചുകൂടാനും പ്രാർത്ഥിക്കാനും സ്നേഹവും സൗഹൃദവും പങ്കുവയ്ക്കുവാനുമുള്ള അവസരമാകണം ഇടവകയിലെ തിരുനാൾ ആഘോഷങ്ങൾ. എന്നാൽ ആഘോഷങ്ങൾ അമിതമാകുമ്പോൾ അത് ദുർവ്യയത്തിനും ഭാരിച്ച സാമ്പത്തിക ബാധ്യതകൾക്കും ഇടയാക്കുന്നു. സമ്പത്തും പ്രൗഢിയും പ്രകടിപ്പിക്കുവാനുള്ള അവസരമായി കരുതി തിരുനാൾ ഏറ്റെടുത്തു നടത്തുന്ന പ്രവണതയും നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഓരോ ഇടവകയുടെയും സാമ്പത്തിക സ്ഥിതി അനുസരിച്ച് ആഘോഷങ്ങളിൽ ചില ഏറ്റക്കുറച്ചിലുകൾ ഉണ്ടാവുക സ്വാഭാവികമാണ്. എന്നിരുന്നാലും വലിയ സാമ്പത്തിക ഭദ്രതയുള്ള ഇടവകകൾ ബോധപൂർവ്വം ഇക്കാര്യത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് നന്നായിരിക്കും. തിരുനാളിനോടനുബന്ധിച്ചു നടത്തുന്ന നേർച്ചസദ്യ ലളിതമായിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

അതുപോലെതന്നെയാണ് ഭവനങ്ങളിൽ നടക്കുന്ന ചില ആഘോഷങ്ങളുടെ കാര്യവും. മാമ്മോദീസ, തിരുപ്പട്ടം, വിവാഹം, ആദ്യകുർബാനസ്വീകരണം, വീടുവെഞ്ചരിപ്പ് തുടങ്ങിയ ആഘോഷങ്ങൾ

ലളിതമാക്കുകയും ഇവയോടും മറ്റേത് ആഘോഷങ്ങളോടും അനുബന്ധിച്ച് ചിലരെങ്കിലും നടത്തുന്ന മദ്യസല്ക്കാരം പൂർണ്ണമായും ഉപേക്ഷിക്കുകയും വേണം. വിവാഹത്തിനും മനസമ്മതത്തിനും തലേനാൾ ഭവനങ്ങളിൽ ഒരുമിച്ചുകൂടി നടത്തുന്ന ആഘോഷങ്ങളിലും മേല്പറഞ്ഞ നിയന്ത്രണങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തണം. ഈവിധത്തിൽ മിച്ചംവയ്ക്കുന്ന തുക ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുമ്പോൾ മാത്രമേ സാമൂഹ്യനീതി നിർവ്വഹിക്കപ്പെടുന്നുള്ളൂ എന്ന കാര്യവും നാം ഓർക്കേണ്ടതുണ്ട്.

സാമ്പത്തിക ഇടപാടുകളിൽ സുതാര്യത പുലർത്തുന്നില്ല എന്ന വിമർശനം പലപ്പോഴും പല മേഖലകളിലും ഉയർന്നുകേൾക്കാറുണ്ട്. സഭയുടെ സാമ്പത്തിക ഇടപാടുകളെല്ലാം സുതാര്യമായിരിക്കണം എന്നുള്ളത് നമ്മുടെ ഏവരുടെയും ആഗ്രഹവും ആദർശവുമാണ്. ഇക്കാരണത്താലാണ് രൂപതയിലെ സ്ഥാപനങ്ങളുടെയും ഇടവകകളുടെയും എല്ലാ കണക്കുകളും ഓഡിറ്റ് ചെയ്യണം എന്നു പറയുന്നത്. ഇക്കാര്യത്തിൽ രൂപതയിൽനിന്നും നല്കുന്ന നിർദ്ദേശങ്ങൾ കർശന മായി പാലിക്കണം എന്ന് ഏവരെയും സ്നേഹപൂർവം ഓർമ്മിപ്പിക്കുകയാണ്. കൃത്യമായി കണക്കുകൾ എഴുതുകയും ബില്ലുകളും വൗച്ചറുകളും സൂക്ഷിക്കുകയും മൂന്നുമാസത്തിലൊരിക്കലെങ്കിലും കണക്കുകളുടെ റിപ്പോർട്ട് രൂപതാകേന്ദ്രത്തിൽ ഏല്പിക്കുകയും വേണം. രൂപതകളിലും സ്ഥാപനങ്ങളിലും ഇടവകകളിലും എല്ലാ ബാങ്ക് അക്കൗണ്ടുകളും ജോയിന്റ് അക്കൗണ്ട് ആയിരിക്കണം എന്ന നിർദ്ദേശം നേരത്തെതന്നെ നല്കിയിട്ടുള്ളതാണല്ലോ. ബഹു. ജനറാളച്ചന്മാരും ഫൊറോന വികാരിയച്ചന്മാരും നടത്തുന്ന ഇടവകസന്ദർശന വേളയിൽ ഇക്കാര്യവും പ്രത്യേകം ശ്രദ്ധിക്കുന്നതായിരിക്കും.

കൗൺസലിംഗ് ആന്റ് സ്പിരിച്ചാലിറ്റി സെന്റർ രൂപതയിൽ സ്ഥാപിക്കുക, 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെല്പ്പ്ലൈൻ സജ്ജമാക്കുക എന്നീ ആശയങ്ങളുടെ വിശദാംശങ്ങൾ സാവകാശം രൂപപ്പെടുത്തേണ്ടതുണ്ട്. നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നിരവധി കൗൺസലിംഗ് സെന്ററുകൾ നമുക്കുണ്ട്. അവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ടും ഇന്റർനെറ്റ് മിഷന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തിക്കൊണ്ടും പ്രതിസന്ധികളിലൂടെ കടന്നുപോകുന്നവരെ സഹായിക്കുവാൻ നമുക്ക് സാധിക്കും. ആവശ്യമനുസരിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും നിലവിലുള്ള സെന്ററുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്.



വിദ്യാഭ്യാസമേഖലയിൽ കോതമംഗലം രൂപത വളരെയധികം മുന്നോട്ടുപോയിട്ടുണ്ട്. അരനൂറ്റാണ്ടു പിന്നിട്ട രൂപതയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശൈശവദശയും തുടക്കത്തിലെ ബാലാരിഷ്ടതകളും പിന്നിട്ട് മെച്ചപ്പെട്ട ഒരവസ്ഥയിലേക്ക് ഉയർന്നിട്ടുണ്ട് എന്നതിൽ സംശയമില്ല. എങ്കിലും പൊതു വിദ്യാഭ്യാസമേഖലയിൽ അദ്ധ്യാപക നിയമനത്തിലും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിലും സർക്കാർ പുലർത്തുന്ന പോളിസികളും കാലാകാലങ്ങളിൽ രൂപപ്പെടുത്തുന്ന നിയമങ്ങളും മൂലം ചില പ്രതിസന്ധികൾ നിലനില്ക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾക്കും അറ്റകുറ്റപണികൾക്കുമായി വലിയ തുക ചെലവഴിക്കേണ്ടിവരുന്നതും ഗസ്റ്റ് ലക്ചർമാർ, ദിവസവേതനത്തിന് പഠിപ്പിക്കുന്നവർ തുടങ്ങിയവർക്ക് നല്കുന്നതിനായി പണം കണ്ടെത്തേണ്ടിവരുന്നതും സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നുണ്ട്. ഈ സാഹചര്യങ്ങൾ നിലനില്ക്കുമ്പോഴും അദ്ധ്യാപക നിയമനത്തിലും കുട്ടികളുടെ പ്രവേശനത്തിലും നീതിപൂർവ്വകമായ മാനദണ്ഡങ്ങൾ പാലിക്കുവാൻ മാനേജ്മെന്റ് ശ്രമിച്ചിട്ടുണ്ട് എന്നതാണ് വസ്തുത. എന്നിരിക്കിലും ഇതു സംബന്ധിച്ച് ചില ആശയക്കുഴപ്പങ്ങളും തെറ്റിദ്ധാരണകളും സാമാന്യ ജനത്തിന്റെ ഇടയിൽ പ്രചരിക്കുവാൻ ഇടയായിട്ടുണ്ട് എന്നതിനാലാണ് 'രൂപതയിലെ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കും പ്രവേശനങ്ങൾക്കുമുള്ള മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിച്ച് പ്രസിദ്ധപ്പെടുത്തും' എന്ന് അസംബ്ലിയിൽ തീരുമാനിച്ചത്. ഇതിനുള്ള നടപടികൾ രൂപത കോർപ്പറേറ്റ് എഡ്യുക്കേഷൻ സെക്രട്ടറിയുടെയും ഉന്നതവിദ്യാഭ്യാസ സെക്രട്ടറിയുടെയും നേതൃത്വത്തിൽ ആരംഭിച്ചുകഴിഞ്ഞു.

മൂല്യാധിഷ്ഠിത ആദ്ധ്യാത്മികത എന്താണ് എന്നത് ആദ്യം തന്നെ സൂചിപ്പിച്ചുകഴിഞ്ഞു. പ്രാർത്ഥിക്കുന്നതും ധ്യാനിക്കുന്നതും തീർത്ഥാടനങ്ങൾ നടത്തുന്നതും എല്ലാം ആദ്ധ്യാത്മിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ കാര്യങ്ങളാണ്. എന്നിരിക്കിലും യഥാർത്ഥ ആത്മീയതയുടെ അളവുകോൽ സത്യം, നീതി, കാരുണ്യം, പരസ്നേഹം തുടങ്ങിയ മൂല്യങ്ങൾ ജീവിതത്തിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്ന

താണ്. ആത്മീയതയുടെ നിയമവും മാതൃകയുമായ യേശുവിനെ നാം അനുകരിക്കുകയാണ് വേണ്ടത്. യേശുവിന്റെ അരൂപിയിലേക്കുള്ള വളർച്ചയാണത്. ജീവിതലാളിത്യം പുലർത്തിയും, പതിതരോടും പാവപ്പെട്ടവരോടും രോഗികളോടും സഹാനുഭൂതിയും കാരുണ്യവും പ്രകടമാക്കിയും, സത്യത്തിനും നീതിക്കുംവേണ്ടി നിലകൊണ്ടും ഈശോയുടെ മാതൃക പിൻതുടരുന്നവരാകാം. മൂല്യാധിഷ്ഠിത ആധ്യാത്മികതയെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിന് രൂപതാതലത്തിൽ റിസോഴ്സ് ടീം രൂപീകരിക്കുന്നതാണ്. ഈ ടീമിന്റെ നേതൃത്വത്തിൽ 2020-ന് മുമ്പായി എല്ലാ ഇടവകകളിലും ഹോംമിഷൻ സംഘടിപ്പിക്കുവാനുള്ള തീരുമാനത്തോട് എല്ലാ ബഹു. വികാരിയച്ചൻമാരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ നിലവിലുള്ള സംവിധാനങ്ങൾ ഹോംമിഷൻ നടത്തുന്നതിന് പ്രയോജനപ്പെടുത്താവുന്നതാണ്.

പ്രകൃതിയുടെ സന്തുലിതാവസ്ഥ സംരക്ഷിച്ചുകൊണ്ടു മാത്രമേ ആത്മീയതയിൽ വളരുവാൻ സാധിക്കുകയുള്ളൂ എന്ന കാര്യവും വിസ്മരിക്കരുത്. പ്രകൃതിയുടെ കാവൽക്കാരനായ മനുഷ്യൻ വായുവും ജലവും ശുദ്ധമാണെന്നും സസ്യജാലങ്ങളും പക്ഷിമൃഗാദികളും സുരക്ഷിതമാണെന്നും ഉറപ്പുവരുത്തണം. പ്രകൃതിയെ മുറിപ്പെടുത്തുന്നതും വിഷമിപ്പിക്കുന്നതുമായ എല്ലാ പ്രവർത്തനങ്ങളിൽ നിന്നും പിന്തിരിയുകയും വരുംതലമുറയ്ക്ക് സുരക്ഷിതവും വാസയോഗ്യവുമായ ചുറ്റുപാടുകൾ ഒരുക്കുകയും വേണം. ഓരോ കുടുംബത്തിനും ആവശ്യമായ പച്ചക്കറികൾ കൃഷിചെയ്യുന്ന കുടുംബകൃഷിയും ജൈവകൃഷിയും പ്രോത്സാഹിപ്പിക്കുകയും, പരിസ്ഥിതിക്കു അനുയോജ്യമായ മാലിന്യസംസ്കരണരീതികൾ പരിശീലിക്കുകയും വേണം. "സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു" (റോമ. 8:19) എന്ന തിരുവചനം നമ്മിൽ അന്വർത്ഥമാകട്ടെ.

ഈശോമിശിഹായിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവദിച്ചുകൊണ്ട്,

കോതമംഗലം മെത്രാസനമന്ദിരത്തിൽനിന്ന്

കോതമംഗലം **മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**

21.08.2015 കോതമംഗലം രൂപതാദ്ധ്യക്ഷൻ



# രൂപതക്കച്ചേരി

## *C. 80/2015* ഒക്ടോബർ മാസത്തിലെ ജപമാല ഭക്തി

ജപമാലയർപ്പണമാണ് നമ്മുടെ കുടുംബങ്ങളിലെ പ്രധാന പ്രാർത്ഥന. കുടുംബത്തിലുള്ള എല്ലാവരും ഒരുമിച്ചുകൂടി ജപമാലയർപ്പിക്കുന്നിടത്ത് ദൈവാനുഗ്രഹം പ്രത്യേകമാംവിധം വർഷിക്കപ്പെടുന്നു. ജപമാല കൂടുതൽ ആഘോഷമായി നടത്തുവാൻവേണ്ടി മാറ്റിവച്ചിരിക്കുന്ന മാസമാണല്ലോ ഒക്ടോബർ. നമ്മുടെ ഇടവകകളിൽ വിശ്വാസികൾ എല്ലാവരും തങ്ങളുടെ ആത്മീയ പിതാവായ വികാരിയച്ചനോടുചേർന്ന് ജപമാല പ്രാർത്ഥന നടത്തുന്നതുവഴി ഇടവക ദൈവകൃപകൊണ്ടു നിറയുകയും ഇടവകയിൽ ഐക്യവും കൂട്ടായ്മയും സംജാതമാവുകയും ചെയ്യും. അതുകൊണ്ട് പതിവുപോലെ നമ്മുടെ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും കുടുംബക്കൂട്ടായ്മകളിലും ആഘോഷപൂർവം ജപമാല ചൊല്ലുന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

*Bishop*

## *C. 81/2015* എപ്പാർക്കിയൽ അസംബ്ലി – പ്രാർത്ഥന

എപ്പാർക്കിയൽ അസംബ്ലി നന്നായി ക്രമീകരിക്കുന്നതിനും നടത്തുന്നതിനും രൂപതാകുടുംബത്തിന്റെ മുഴുവൻ പ്രാർത്ഥന സഹായകമായി. അസംബ്ലിയിലൂടെ ഉരുത്തിരിഞ്ഞ നല്ല തീരുമാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും ഏവരുടെയും പ്രാർത്ഥനാ സഹായം അഭ്യർത്ഥിക്കുകയാണ്. **"നീതിയിലും വിശുദ്ധിയിലും കുടുംബങ്ങൾ ഒന്നുചേർന്ന് സ്നേഹസമൂഹമായി, ദരിദ്രർക്ക് സദ്വാർത്തയായി യേശുവിന് സാക്ഷ്യമായി മുന്നേറുന്ന രൂപതാസമൂഹം എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ എന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു."** എന്ന പ്രാർത്ഥന വി. കുർബാനയിലും യാമപ്രാർത്ഥനയിലുമുള്ള കാറോസൂസകളിലും കുടുംബപ്രാർത്ഥനകളിലും വ്യക്തിപരമായ പ്രാർത്ഥനകളിലും കൂട്ടിച്ചേർക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

*Bishop*

## *C. 82 /2015* വൈദികരുടെ വാർഷികധ്യാനം

വൈദികർക്കുവേണ്ടിയുള്ള ആദ്യബാച്ച് വാർഷികധ്യാനം സെപ്തംബർ 13 മുതൽ 18 വരെയും രണ്ടാം ബാച്ച് സെപ്തംബർ 20

മുതൽ 25 വരെയും മുവാറ്റുപുഴ NESTT-ൽ വച്ച് നടത്തപ്പെടുന്ന കാര്യം ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. ധ്യാനത്തിന് വരുമ്പോൾ കുർബാനക്കണക്കിന്റെ പുസ്തകവും കുമ്പസാരപത്തേന്തിയും പതിവുപോലെ കൊണ്ടുവരുമല്ലോ.

**ധ്യാനഗുരു: റവ. ഫാ. ജോസ് മുളങ്ങാട്ടിൽ MCBS**

*Syncellus*

### *C. 83 /2015* വീഞ്ഞിന്റെ പുതുക്കിയ വില

സെപ്തംബർ മാസം മുതൽ വീഞ്ഞിന്റെ വില ഒരു കുപ്പിക്ക് 120 രൂപയാക്കി പുതുക്കി നിശ്ചയിച്ചിരിക്കുന്നു. വീഞ്ഞ് ഉണ്ടാക്കുന്നതിന് ഉണക്ക മുന്തിരി ഉപയോഗിക്കുന്നതുകൊണ്ടും മെഷിനറികൊണ്ട് ഉണ്ടാക്കുന്നതുകൊണ്ടുമാണ് വില വർദ്ധിപ്പിക്കേണ്ടിവന്നിരിക്കുന്നത്.

*Procurator*

### *Pr.C. 5 /2015* Presbyteral Council

An ordinary meeting of the Presbyteral Council will be held on Tuesday, September 29, 2015 from 10.00 am to 1.00 pm at the Bishop's house. The members are cordially invited.

*Secretary*

## മൈനർ സെമിനാരി

### *MS 27 /2015* വിയാനി ഡേ

ഈ വർഷത്തെ വിയാനി ഡേ ആഘോഷപരിപാടികൾ ആഗസ്റ്റ് മാസം 3, 4 തീയതികളിൽ നടത്തി. ആഗസ്റ്റ് 3-ാം തീയതി വൈകിട്ട് 6.00 മണിക്കു നടന്ന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അദ്ധ്യക്ഷത വഹിച്ചു. അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ, അഭിവന്ദ്യ കുര്യാക്കോസ് മാർ യൗസേബിയോസ് എന്നീ പിതാക്കന്മാർ അനുഗ്രഹപ്രഭാഷണങ്ങൾ നടത്തി. ബ്രദർ ജെയിംസ് പരയ്ക്കനാൽ, ബ്രദർ തോമസ് വെട്ടുപാറയ്ക്കൽ എന്നിവർ വിശുദ്ധന്റെ ജീവിതത്തെ ആസ്പദമാക്കി സംസാരിക്കുകയും ആശംസകൾ നേരുകയും ചെയ്തു. തുടർന്ന് സെമിനാരിക്കാർ അവതരിപ്പിച്ച 'എഫേസോസിലെ വെള്ളിപ്പണിക്കാരൻ' എന്ന നാടകം പ്രമേയത്തിലും അഭിനയത്തിലും മികവുറ്റതായിരുന്നു. ഇടവകവൈദികരുടെ തിരുനാൾദിനമായതിനാൽ സന്നിഹിതരായ എല്ലാ വൈദികരെയും സമ്മാനങ്ങൾ നൽകി ആദരിച്ചു. സമ്മേളനത്തിൽ റെക്ടർ



ഫാ. സ്റ്റാൻലി പുൽപ്രയിൽ സ്വാഗതം നേരുകയും ഫാ. ജെയിംസ് കളപ്പുരയ്ക്കൽ നന്ദി പറയുകയും ചെയ്തു. തിരുനാൾ ദിനമായ ആഗസ്റ്റ് 4-ന് ആഘോഷമായ റാസക്കുർബാന അർപ്പിച്ചു. വൈകിട്ട് രൂപതയിലെ യുവവൈദികരും മൈനർ സെമിനാരി വിദ്യാർത്ഥികളും തമ്മിൽ നടന്ന മത്സരത്തിൽ വൈദികർ വിജയികളായി.

### *MS 28 /2015* സ്വാതന്ത്ര്യദിനം, സ്വർഗ്ഗാരോപണതിരുനാൾ

ആഘോഷമായ ദിവ്യബലിയോടെ തിരുനാൾ ആഘോഷങ്ങൾക്ക് ആരംഭം കുറിച്ചു. തുടർന്ന് വികാരി ജനറാൾ പെരിയ ബഹു. ജോർജ് കാര്യാമഠം അച്ചൻ ദേശീയ പതാക ഉയർത്തി സന്ദേശം നൽകി. രാവിലെ 9.00 മണിക്ക് വോളിബോൾ സൗഹൃദമത്സരം നടന്നു. വൈകുന്നേരം ആറു മണിക്ക് നടന്ന സമ്മേളനത്തിൽ മുതലക്കോടം സെന്റ് ജോർജ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ ജോർജ് കേളകം സാർ അദ്ധ്യക്ഷത വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു. സമ്മേളനത്തോടനുബന്ധിച്ച് സെമിനാരിക്കാരുടെ വിവിധ കലാപരിപാടികൾ നടന്നു. ബ്രദർ ജോൺ എടാട്ട്, ബ്രദർ ജോസഫ് മുല്ലശ്ശേരി എന്നിവർ സ്വാതന്ത്ര്യദിനത്തിന്റെയും മാതാവിന്റെ സ്വർഗാരോപണത്തിരുനാളിന്റെയും ആശംസകൾ നേർന്നു. ബ്രദർ ആന്റണി മുല്ലശ്ശേരി സ്വാഗതവും ബ്രദർ ജോസ് മാങ്കുഴ നന്ദിയും അർപ്പിച്ചു.

### *MS 29 /2015* ബർക്കുമൻസ് മീറ്റ്

അൾത്താരശുശ്രൂഷകർക്കായി "ബർക്കുമൻസ് മീറ്റ് - 2015" എന്ന പേരിൽ രൂപതയെ മൂന്നു റീജിയണുകളായി തിരിച്ച് ഒരു ഏകദിന പരിശീലന സെമിനാർ സംഘടിപ്പിക്കപ്പെട്ടു. ആഗസ്റ്റ് 1 ശനിയാഴ്ച കോതമംഗലം കത്തീഡ്രലിലും മൂവാറ്റുപുഴ നിർമ്മല സ്കൂളിലും ആഗസ്റ്റ് 14 വെള്ളിയാഴ്ച തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിലും വച്ച് ബർക്കുമൻസ് മീറ്റ് നടത്തപ്പെട്ടു. ഇടവകകളിലെ അൾത്താരശുശ്രൂഷകരെ ഈ സെമിനാറിന് പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്ക് ഹൃദയം നിറഞ്ഞ നന്ദി.

### *MS 30 /2015* സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ

| | | |
|---|---|---|
| 1 | Mar George Punnakottil | 1,50,000 |
| 2 | M.A. Joseph Malieckal | 25,000 |
| 3 | SH Provincial House | 50,000 |

*Rector*

## വിജ്ഞാനഭവൻ

*V. 76/2015* **നവാഗതരായ അദ്ധ്യാപകരുടെ ട്രെയിനിംഗ് പ്രോഗ്രാം**

പുതുതായി വിശ്വാസപരിശീലകരായി ചേർന്ന അദ്ധ്യാപകരുടെ ട്രെയിനിംഗ് നടക്കുന്ന കാര്യം ഓർമ്മിക്കുമല്ലോ. നേരത്തെ അറിയിച്ചിരുന്നതിൽനിന്നും അല്പം വ്യത്യാസം ശ്രദ്ധിക്കുമല്ലോ. അദ്ധ്യാപകരുടെ സൗകര്യം പരിഗണിച്ച് സെപ്റ്റംബർ 4-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം ആരംഭിച്ച് 5-ാം തീയതി ശനിയാഴ്ച വൈകുന്നേരം ട്രെയിനിംഗ് അവസാനിക്കുന്നു. 4-ാം തീയതി വൈകിട്ട് 6.00 മണിക്ക് അഭിവന്ദ്യ പിതാവ് പരിപാടി ഉദ്ഘാടനം ചെയ്യുന്നതാണ്. പങ്കെടുക്കേണ്ട എല്ലാ അദ്ധ്യാപകരെയും സമയത്തുതന്നെ പറഞ്ഞയയ്ക്കുവാൻ ബഹു. വികാരിയച്ചന്മാരും HM മാരും ശ്രദ്ധിക്കുമല്ലോ. ഫീസ് 200 രൂപയാണ്. (താല്പര്യമുള്ള മറ്റ് അദ്ധ്യാപകർക്കും പങ്കെടുക്കാവുന്നതാണ്).

*V. 77/2015* **ബൈബിൾ നേഴ്സറി അദ്ധ്യാപകപരിശീലനം**

എല്ലാ ഇടവകകളിലും സൺഡേസ്കൂളിന്റെ ഭാഗമായി ബൈബിൾ നേഴ്സറികൾ ആരംഭിക്കണമെന്നത് എപ്പാർക്കിയൽ അസംബ്ലിയുടെ ഒരു നിർദ്ദേശമായിരുന്നല്ലോ. ചില ഇടവകകളിൽ ഇപ്പോൾ തന്നെ ഇവ പ്രവർത്തിക്കുന്നുണ്ട് എന്നത് സന്തോഷകരമായ കാര്യമാണ്. എല്ലാ ഇടവകകളിലും ബൈബിൾ നേഴ്സറികൾ ആരംഭിക്കുന്നതിനും നിലവിൽ ഉള്ളവയുടെ പ്രവർത്തനം ഏകീകരിക്കുന്നതിനും വേണ്ടി രൂപതാതലത്തിൽ ഏകദിന ബൈബിൾ നേഴ്സറി അദ്ധ്യാപക പരിശീലനം സംഘടിപ്പിക്കുന്നു. മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ഒക്ടോബർ 24-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെയാണ് പരിശീലനം. ഓരോ ഇടവകയിൽനിന്നും താല്പര്യവും സന്നദ്ധതയുമുള്ള ഒരാളെയെങ്കിലും പറഞ്ഞുവിടാൻ ബഹു. വികാരിയച്ചന്മാരും HM മാരും ശ്രദ്ധിക്കുമല്ലോ. വരുന്നവരുടെ എണ്ണം ഒക്ടോബർ 10-ാം തീയതിക്കുമുമ്പ് അറിയിക്കേണ്ടതാണ്.

*V. 78/2015* **പ്രൈവറ്റ് രജിസ്ട്രേഷൻ**

**കോൺടാക്റ്റ് ക്ലാസ്സ് 1-ാം സെമസ്റ്റർ**

| | |
|---|---|
| XI | 2015 സെപ്തംബർ 12 ശനി |
| XII | 2015 സെപ്തംബർ 12 ശനി |



സ്ഥലം : NESTT, Muvattupuzha

സമയം : രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ

NB. രണ്ട് കോൺടാക്റ്റ് ക്ലാസ്സുകളിലും വരുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. ഉച്ചഭക്ഷണം കുട്ടികൾ കൊണ്ടുവരേണ്ടതാണ്.

*V. 79/2015* **ലോഗോസ് ക്വിസ്, രൂപതാതലം 2015 സെപ്തംബർ 27 -ന്**

ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരപ്പരീക്ഷ 2015 സെപ്തംബർ 27-ാം തീയതി ഞായറാഴ്ച 2.00 pm മുതൽ 3.30 pm വരെയായിരിക്കും നടക്കുക. നമ്മുടെ രൂപതയിൽ 27030 പേരാണ് ഈ വർഷം രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവരെ അതിനായി പ്രോത്സാഹിപ്പിച്ച ബഹു. വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും അഭിനന്ദനങ്ങൾ. എല്ലാവരും പരീക്ഷയ്ക്ക് നന്നായി ഒരുങ്ങണമെന്ന് ഓർമ്മിപ്പിക്കുകയും വിജയാശംസകൾ നേരുകയും ചെയ്യുന്നു.

ചോദ്യപേപ്പറും ഉത്തരക്കടലാസ്സും B ലിസ്റ്റും സെപ്തംബർ 26-ാം തീയതി മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്. **ഹാൾ ടിക്കറ്റുകൾ നേരത്തെ ആവശ്യമുള്ളവർ അക്കാര്യം വിജ്ഞാനഭവൻ ഓഫീസിൽ അറിയിക്കേണ്ടതാണ് (കംപ്യൂട്ടറിൽ നിന്നും എടുക്കാവുന്നതാണ്.)** പരീക്ഷാപേപ്പറിൽ രജിസ്റ്റർ നമ്പറും പേരും കൃത്യമായി എഴുതേണ്ടതാണ്.

**ഉത്തരക്കടലാസുകൾ ലിസ്റ്റിലെ ക്രമം (A, B, C, D, E, F വിഭാഗം തിരിച്ച്) അനുസരിച്ച് അടുക്കി പായ്ക്ക് ചെയ്ത് ലിസ്റ്റിന്റെ കോപ്പിയുംകൂടെ വച്ച് സെപ്റ്റംബർ 28-ന് വൈകുന്നേരം 5.00 മണിക്ക് മുമ്പായി** മേഖലാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. നേരത്തെ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ആരുടെയും പേപ്പറുകൾ സ്വീകരിക്കുന്നതല്ല.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

1 ഉത്തരക്കടലാസ്സിന്റെ മുകളിലായി A വിഭാഗമാണെങ്കിൽ A1, A2, B വിഭാഗമാണെങ്കിൽ B1, B2 എന്നിങ്ങനെ ക്രമമായി എഴുതിക്കൊടുത്താൽ ഉത്തരക്കടലാസ്സുകൾ അടുക്കുന്നതിന് എളുപ്പമുണ്ടായിരിക്കും.

2 പരീക്ഷ കൃത്യസമയത്ത് തന്നെ എല്ലാ സെന്ററുകളിലും നടത്തണം.

3 ഉത്തരക്കടലാസുകൾ പേന ഉപയോഗിച്ച് അടയാളപ്പെടുത്തണം. പെൻസിൽ ഉപയോഗിക്കാൻ പാടില്ല.

4 **ലിസ്റ്റിൽ തന്നിരിക്കുന്ന ക്രമമനുസരിച്ച് ഉത്തരക്കടലാസുകൾ പായ്ക്ക് ചെയ്ത് സെപ്റ്റംബർ 28-ന് മേഖലാ കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്.** 28-ന് ശേഷം ലഭിക്കുന്ന ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല.

5 വ്യത്യസ്ത നിറങ്ങളിലുള്ള ഉത്തരക്കടലാസുകളായിരിക്കും ലഭിക്കുക. ഉത്തരക്കടലാസുകൾ ഏതെങ്കിലും ഗ്രൂപ്പിൽ തികയാതെ വന്നാൽ മറ്റുഗ്രൂപ്പുകളിലെ ഉത്തരക്കടലാസുകൾ ഉപയോഗിക്കാവുന്നതാണ്. ഉത്തരക്കടലാസ്സിന്റെ മുകളിൽ ഗ്രൂപ്പ് തിരുത്തി എഴുതേണ്ടതാണ്.

6 A പ്രായവിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് പ്രത്യേക ചോദ്യപേപ്പറുകളായിരിക്കും ലഭിക്കുക.

7 പരീക്ഷ എഴുതാത്തവരുടെ പേരിന് നേരെ 'A' എന്ന് രേഖപ്പെടുത്തണം.

8 രജിസ്റ്റർ ചെയ്യാത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കരുത്. Absent ആയവർക്കുപകരം വേറെ പേരുകൾ എഴുതിച്ചേർത്താൽ സാധുവായിരിക്കില്ല. അവരുടെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതല്ല.

9 ഉത്തരക്കടലാസ്സിൽ രണ്ട് സ്ഥലത്ത് മാർക്ക് ചെയ്താൽ അത് പരിഗണിക്കുന്നതല്ല.

10 വിജ്ഞാനഭവനിൽ നിന്നും ചോദ്യപേപ്പറിനോടൊപ്പം തരുന്ന ലിസ്റ്റിൽ വിശ്വാസപരിശീലകരുടെ പേരിനു നേരെ **ചുവന്ന മഷി കൊണ്ട് 'T' എന്ന് രേഖപ്പെടുത്തണം.** (T എന്ന് രേഖപ്പെടുത്താത്തവരെ സമ്മാനത്തിന് പരിഗണിക്കുകയില്ല.)

11 **സിസ്റ്റേഴ്സിന്റെ പേരിന് നേരെ കോൺഗ്രിഗേഷൻ ഏതാണെന്ന് ചുവന്ന മഷികൊണ്ട് രേഖപ്പെടുത്തേണ്ടതാണ്.**

### *V. 80/2015* ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 11-ന്

ഈ വർഷത്തെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 11 ഞായറാഴ്ചയായിരിക്കും നടത്തുക. ചോദ്യപേപ്പറിൽ തന്നെയാണ് ഉത്തരം എഴുതേണ്ടത്.

I മുതൽ X വരെയുള്ള ക്ലാസ്സുകളിൽ ഒന്നാം പാഠം മുതൽ ഏഴാം പാഠം വരെയും XI, XII ക്ലാസ്സുകളിൽ ഒന്നു മുതൽ ആറു വരെയുമുള്ള പാഠങ്ങളാണ് ഈ പരീക്ഷയ്ക്ക് പഠിക്കേണ്ടത്. അതാത് ക്ലാസ്സുകളിൽ



പഠിക്കേണ്ട വിശുദ്ധരെ സംബന്ധിച്ചും, നമസ്കാരങ്ങളെ സംബന്ധിച്ചും പൊതുവിജ്ഞാനത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. ചോദ്യപേപ്പറുകൾ ഒക്ടോബർ 10-ാം തീയതി മേഖലാകേന്ദ്രങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.

| | |
|---|---|
| Std. I - IX Classes | 11.00 am -1.00 pm |
| Std X, XI, XII Classes | 2.00 pm - 4.00 pm |

**X, XII ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ പേപ്പറുകളും മാർക്കെഴുതിയ B list -ഉം മേഖലാ കേന്ദ്രത്തിൽ ഒക്ടോബർ 23 വെള്ളിയാഴ്ച മാത്രം എത്തിക്കുക.** വിജ്ഞാനഭവൻ ഓഫീസിൽ മറ്റു ദിവസങ്ങളിലും ഉത്തരക്കടലാസുകൾ സ്വീകരിക്കുന്നതാണ്.

NB. 1, 2 ക്ലാസ്സുകളിൽ എഴുത്ത് പരീക്ഷ ഉണ്ടായിരിക്കുന്നതല്ല. ചോദ്യപരീക്ഷയായിരിക്കും.

### *V. 81/2015* Question Paperകളുടെ എണ്ണം, പ്രൈവറ്റ് രജിസ്ട്രേഷൻ, AB Forms

- ➢ പ്രൈവറ്റ് രജിസ്ട്രേഷൻ (XI, XII) ചെയ്തവരുടെ എണ്ണം ചോദ്യപേപ്പറിന്റെ എണ്ണത്തോടൊപ്പം ചേർത്തിട്ടില്ലെങ്കിൽ സെപ്തംബർ 10-ന് മുമ്പ് വിജ്ഞാനഭവനിൽ അറിയിക്കേണ്ടതാണ്. മറ്റ് ക്ലാസ്സുകളിലെ ചോദ്യപേപ്പർ കൂടുതൽ വേണമെങ്കിൽ അക്കാര്യം അറിയിക്കണം.
- ➢ HCC II പ്രൈവറ്റായി രജിസ്റ്റർ ചെയ്ത എല്ലാവരുടെയും പേരുകൾ AB ഫോമുകളിൽ ചേർക്കേണ്ടതാണ്. ചേർക്കാത്തവർ സെപ്തംബർ 10-ന് മുമ്പ് അറിയിക്കേണ്ടതാണ്.

### *V. 82/2014* ഓർഡർ ഫോം

വിശ്വാസോത്സവത്തിന്റെയും സൺഡേ സ്കൂൾ പുസ്തകത്തിന്റെയും വിശുദ്ധരുടെ പുസ്തകത്തിന്റെയും ഓർഡർ ഫോം സെപ്റ്റംബർ 30-ാം തീയതിക്കകം വിജ്ഞാനഭവൻ ഓഫീസിൽ കിട്ടത്തക്കരീതിയിൽ അയയ്ക്കണം.

### *V. 83/2015* വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ക്രിസ്തുവിലുള്ള ജീവിതത്തെക്കുറിച്ച് പഠിപ്പിക്കുന്ന കാര്യങ്ങൾ രണ്ടാം ഖണ്ഡം അറിഞ്ഞിരിക്കേണ്ടതാണ് (CCC 2052-2557). ഉപപാഠപുസ്തകത്തിലെ

പൊതുവിജ്ഞാനത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**ചോദ്യങ്ങളുടെ മാതൃക.**

| | | |
|---|---|---|
| **ആകെ മാർക്ക്** | – | **50** |
| ബ്രായ്ക്കറ്റിൽ നിന്നും തിരഞ്ഞെടുക്കുക | – | 10 |
| ഉചിതമായത് പൂരിപ്പിക്കുക | – | 10 |
| ഒറ്റവാക്കിൽ ഉത്തരമെഴുതുക | – | 10 |
| ചേരുംപടി ചേർക്കുക | – | 5 |
| ബൈബിൾ വാക്യം (പാഠപുസ്തകത്തിൽനിന്നു മാത്രം) | – | 5 |
| ഒരു വാക്യത്തിൽ ഉത്തരമെഴുതുക | – | 10 |

**ഇടവകതലം** : **2015 ഒക്ടോബർ 18 ഞായർ**
**സമയം** : **12.00 noon - 1.00 p.m.** (അതാത് ഇടവകകളിൽ).
**രൂപതാതലം** : **2015 ഡിസംബർ 12 ശനി**
**സമയം** : **10.30 a.m. - 12.00 noon.**
**സ്ഥലം** : **വിജ്ഞാനഭവൻ കേന്ദ്രം**

ഇടവകതലത്തിൽ നടത്തുന്ന പരീക്ഷയുടെ ഉത്തരക്കടലാസ്സുകൾ മൂല്യനിർണ്ണയം നടത്തി എല്ലാ അദ്ധ്യാപകരുടെയും ഉത്തരക്കടലാസുകളും വിജയികളായവരുടെ പേരും, ഒക്ടോബർ 23-ാം തീയതി (23-ാം തീയതി മാത്രം) മേഖലാകേന്ദ്രത്തിൽ എത്തിക്കണം. രൂപതാകേന്ദ്രത്തിൽ മറ്റുദിവസങ്ങളിലും എത്തിക്കാവുന്നതാണ്. ബഹു. സിസ്റ്റേഴ്സിനും അല്മായാദ്ധ്യാപകർക്കും പ്രത്യേകമായിട്ടാണ് സമ്മാനങ്ങൾ നൽകുന്നത്. ചോദ്യപേപ്പറുകൾ ഒന്നാം സെമസ്റ്റർ പരീക്ഷയുടെ ചോദ്യപേപ്പറിന്റെ കൂടെ ലഭിക്കുന്നതാണ്. ചോദ്യപേപ്പറുകൾ വികാരിയച്ചനെ ഏല്പിക്കേണ്ടതാണ്.

*V. 84/2015* **കുടുംബക്കൂട്ടായ്മ പ്രാർത്ഥനാപുസ്തകം**

കുടുംബക്കൂട്ടായ്മയിൽ പങ്കെടുക്കുന്നവർക്കായി രൂപതയിൽ നിന്നും തയ്യാറാക്കിയിട്ടുള്ള പുസ്തകം വിജ്ഞാനഭവനിൽ ലഭ്യമാണ്. സൺഡേ സ്കൂൾ കുട്ടികൾ കുടുംബക്കൂട്ടായ്മയിൽ പങ്കെടുക്കുന്നുണ്ടെന്ന് ഹെഡ്മാസ്റ്ററും അദ്ധ്യാപകരും ഉറപ്പുവരുത്തേണ്ടതാണ്. അദ്ധ്യാപകരും കുട്ടികളും പുസ്തകം പരമാവധി പ്രയോജനപ്പെടുത്തുമല്ലോ.

*Director*



## Corporate Educational Agency

*Edn. 34 /2015*

2015-16-ലെ മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷകൾ തരാത്തവർ ഉടനെതന്നെ ഈ ഓഫീസിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

*Edn. 35 /2015* **റവ. ഫാ. ജോസഫ് പുത്തൻകുളം മെമ്മോറിയൽ സ്കോളർഷിപ്പ്**

വിദ്യാഭ്യാസ രംഗത്ത് ഏറെ സേവനം നൽകിയിട്ടുള്ള ബ. ജോസഫ് പുത്തൻകുളം അച്ചന്റെ ഓർമ്മയ്ക്കായി ബ. ജോസഫ് പുത്തൻകുളം മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റ് ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പ് ( 10000) ഈ വർഷവും നൽകുന്നു. ബഹു. ജോസഫച്ചന്റെ 10-ാം ചരമവാർഷികദിനമായ ഒക്ടോബർ 2-ന് ആയിരിക്കും പ്രസ്തുത സ്കോളർഷിപ്പ് നൽകുന്നത്. സാമ്പത്തികപരാധീനതയുള്ള ഒരു കുട്ടിക്കാണ് സ്കോളർഷിപ്പ് നൽകുന്നത്.

ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി അപേക്ഷകൾ രൂപത വിദ്യാഭ്യാസ സെക്രട്ടറിക്ക് 2015 സെപ്തംബർ 20-ന് മുമ്പ് നൽകേണ്ടതാണ്. അപേക്ഷാഫാറം രൂപതാവിദ്യാഭ്യാസ ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

*Edn. 36 /2015* **ബഹു. ഫാ. ജോൺ വള്ളമറ്റം, ബഹു. ഫാ. ജോസഫ് പുത്തൻകുളം അനുസ്മരണം**

കോതമംഗലം, ഇടുക്കി രൂപതകളിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുവാനും, വളർത്തിയെടുക്കുവാനും അത്യദ്ധ്വാനം ചെയ്തിട്ടുള്ള ബ. ജോൺ അച്ചനും (19-09-2005) ബഹു. ജോസഫ് അച്ചനും (02-10-2005) നമ്മോട് വിട പറഞ്ഞിട്ട് 10 വർഷം പൂർത്തിയാവുകയാണ്. സെപ്തംബർ മാസത്തിൽ സൗകര്യപ്രദമായ ഒരു ദിവസം സ്കൂൾ അസംബ്ലിയിൽ ബഹു. അച്ചന്മാരെ അനുസ്മരിച്ച് പ്രാർത്ഥിക്കുവാൻ പ്രധാന അദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണം.

*Edn. 37 /2015* **Catechism/Moral Science Ist Term Examination**

Catechism/ Moral Science ഒന്നാം ടേം പരീക്ഷകൾ സെപ്തംബർ 1-ാം തീയതി നിശ്ചിത ടൈം ടേബിൾ അനുസരിച്ച് നടത്തേണ്ടതാണ്.

*Edn. 38 /2015* **രൂപതയിലെ ഓർഫനേജുകൾക്ക് സൗജന്യ ഡിക്ഷനറി വിതരണം**

വിദ്യാർത്ഥികൾ അന്തേവാസികളായിട്ടുള്ള ഓർഫനേജുകൾക്ക് സൗജന്യ ഡിക്ഷനറി വിതരണം നടത്തുന്നു. ബന്ധപ്പെട്ട സ്ഥാപനാധികാരികൾ രൂപത വിദ്യാഭ്യാസ ഓഫീസുമായി ഉടൻ ബന്ധപ്പെടുക.

*Edn. 39/2015* **Catechism/Moral Science Order Form**

അടുത്ത അദ്ധ്യയനവർഷത്തിലേക്കുള്ള Catechism/Moral Science പുസ്തകങ്ങളുടെ ഓർഡർ ഫോം സെപ്റ്റംബർ 30-നു മുമ്പായി വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

*Secretary*

## ചെറുപുഷ്പമിഷൻലീഗ്

*CML 24 /2015* **കുഞ്ഞേട്ടൻ അനുസ്മരണം**

ചെറുപുഷ്പമിഷൻലീഗ് സ്ഥാപകനേതാവായ ശ്രീ. പി. സി. അബ്രാഹത്തിന്റെ (കുഞ്ഞേട്ടന്റെ) അഞ്ചാം ചരമവാർഷികദിനം ആഗസ്റ്റ് 9-ാം തീയതി പാലാ രൂപതയിലെ ചെമ്മലമറ്റം ശാഖയിൽ വച്ച് നടത്തപ്പെട്ടു. രൂപതാ കുടുംബത്തിൽ നിന്നും അറുപത് പേർ പങ്കെടുത്തു.

*CML 25 /2015* **ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം**

ചെറുപുഷ്പ മിഷൻലീഗിന്റെ സ്ഥാപകഡയറക്ടറായ ബഹു. ജോസഫ് മാലിപറമ്പിലച്ചന്റെ ചരമദിനമായ സെപ്റ്റംബർ 9 അനുസ്മരണ ദിനമായി ആചരിക്കുന്നു.

*CML 26 /2015* **സംസ്ഥാന സാഹിത്യ മത്സരം**

സംസ്ഥാനതലത്തിലുള്ള സാഹിത്യമത്സരങ്ങൾ സെപ്റ്റംബർ 21-ാം തിയതി മൂവാറ്റുപുഴ ലിറ്റിൽ ഫ്‌ളവർ എൽ.പി. സ്കൂളിൽ വച്ച് നടക്കുന്നതാണ്. രൂപതാതല വിജയികളെ സംസ്ഥാനമത്സരത്തിനായി ഒരുക്കുവാൻ ആനിമേറ്റർമാർ ശ്രദ്ധിക്കുമല്ലോ.

*CML 27 /2015* **രൂപതാകലാമത്സരം**

രൂപതാതലത്തിലുള്ള കലാമത്സരങ്ങൾ സെപ്റ്റംബർ 24-ാം തീയതി വ്യാഴാഴ്ച മൂവാറ്റുപുഴ നിർമ്മല ഹയർസെക്കന്ററി സ്കൂളിൽ



വച്ച് നടത്തപ്പെടും. ഇതിൽ പങ്കെടുക്കേണ്ട അംഗങ്ങളുടെ ലിസ്റ്റ് സെപ്റ്റംബർ 15-ന് മുമ്പായി രൂപതാകേന്ദ്രത്തിൽ എത്തിക്കണം.

*Director*

## കെ.സി.എസ്.എൽ.

*KCSL.18/2015* **സാഹിത്യോത്സവം**

ഈ വർഷത്തെ സാഹിത്യോത്സവ മത്സരങ്ങൾ ഒക്ടോബർ 10-ാം തീയതി മൂവാറ്റുപുഴ നിർമ്മല ഹയർസെക്കന്ററി സ്കൂളിൽ വച്ച് നടത്തുന്നു. മത്സരത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ഒക്ടോബർ 1-ന് മുമ്പ് ഓഫീസിൽ എത്തിക്കുക. അന്നുതന്നെ ഉച്ചകഴിഞ്ഞ് കയ്യെഴുത്ത് മാഗസിൻ മത്സരവും ഉണ്ടായിരിക്കുന്നതാണ്.

സംസ്ഥാനതല സാഹിത്യ മത്സരം ഒക്ടോബർ 30 -ന് പി.ഒ.സി. യിൽ വച്ചായിരിക്കും. രൂപതാതലത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കുന്നവർക്കായിരിക്കും സംസ്ഥാനതലമത്സരത്തിൽ പങ്കെടുക്കാൻ കഴിയുക.

*KCSL 19 /2015* **ഇന്റർ സ്കൂൾ ബൈബിൾ ക്വിസ്**

ഇന്റർ സ്കൂൾ ബൈബിൾ ക്വിസ് മത്സരം സെപ്റ്റംബർ 23-ാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് താഴെ കൊടുത്തിരിക്കുന്ന കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നതാണ്.

1) സെന്റ് അഗസ്റ്റിൻസ് GHSS, കോതമംഗലം

2) സെന്റ് അഗസ്റ്റിൻസ് GHSS, മൂവാറ്റുപുഴ

3) ജയറാണി ഇംഗ്ലീഷ് മീഡിയം സ്കൂൾ, തൊടുപുഴ

*KCSL 20/2015* **ഇന്റർ സ്കൂൾ ബൈബിൾ ക്വിസ് - ഫൈനൽ**

രൂപതാതല ഇന്റർ സ്കൂൾ ബൈബിൾ ക്വിസ് ഫൈനൽ മത്സരം സെപ്റ്റംബർ 29-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.30 -ന് മൂവാറ്റുപുഴ സെന്റ് അഗസ്റ്റിൻസ് GHSS-ൽ നടത്തപ്പെടുന്നതാണ്.

*KCSL 21/2015* **സംസ്ഥാനതല ശതാബ്ദി സംഗമം**

ഒക്ടോബർ 2-ാം തീയതി വല്ലാർപാടത്ത് വച്ച് സംസ്ഥാനതല

ശതാബ്ദി സമാപനം ആഘോഷമായി നടത്തപ്പെടുന്നു. പങ്കെടുക്കാൻ താല്പര്യം ഉള്ളവർ ഓഫീസിൽ അറിയിക്കേണ്ടതാണ്.

*Director*

## സോഷ്യൽ സർവ്വീസ്

*SS. 23 /2015*

കോതമംഗലം സോഷ്യൽ സർവ്വീസ് സൊസൈറ്റി രൂപതയിൽ നടപ്പിലാക്കുന്ന ആശാകിരണം കാൻസർ സുരക്ഷാപദ്ധതിയുടെ ഭാഗമായി വിഷരഹിതവും മാലിന്യമുക്തവുമായ പച്ചക്കറി ഉത്പാദിപ്പിക്കുന്നതിനായി ഇടവകകൾ വഴി സൗജന്യനിരക്കിൽ പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നു. പത്തിനം പച്ചക്കറിവിത്തുകളാണ് ലഭ്യമായിട്ടുള്ളത്. കേരളസർക്കാരിന്റെ നേതൃത്വത്തിലുള്ള VFPCK പാലക്കാടുള്ള വിത്തുത്പാദനകേന്ദ്രത്തിൽനിന്നുമാണ് അത്യുത്പാദനശേഷിയുള്ള വിത്തുകൾ എത്തിച്ചിട്ടുള്ളത്. ഒരിനം വിത്തുപായ്ക്കറ്റിന് 5 രൂപയാണ് വില. വിത്തിന്റെ വിവരങ്ങളും ഓർഡർഫോമും ഇടവകകളിലേക്കു അയച്ചിട്ടുണ്ട്. ക്രെഡിറ്റ് യൂണിയൻ, സ്വയം സഹായസംഘം, ഭക്തസംഘടനകൾ, സൺഡേസ്കൂളുകൾ തുടങ്ങിയവവഴി ഓർഡർ സ്വീകരിച്ച് സെപ്റ്റംബർ 21-ാം തീയതിക്ക് മുമ്പായി KSSS ഓഫീസിൽ ഏൽപിക്കേണ്ടതാണ്. സെപ്റ്റംബർ 30-ന് മുമ്പ് ഇടവകകളിൽ വിത്തുകൾ എത്തിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. Ph.8281358142

*SS. 24 /2015* **ആശാകിരണം വോളന്റിയേഴ്സ് സംഗമം**

കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ആശാകിരണം പദ്ധതിയുടെ വോളന്റിയർമാരുടെ സംഗമം എറണാകുളം-കലൂർ റിന്യൂവൽ സെന്ററിൽ വച്ച് സെപ്റ്റംബർ 7 -ന് നടക്കും. ഏഴു രൂപതകളിൽ നിന്നുമായി ആയിരത്തോളം വോളന്റിയേഴ്സ് സംഗമത്തിൽ പങ്കെടുക്കും. നമ്മുടെ രൂപതയിൽ നിന്ന് 100 പേരാണ് പങ്കെടുക്കുന്നത്. ആശാകിരണം വോളന്റിയറായി പ്രവർത്തിക്കുവാൻ സന്നദ്ധയുള്ളവരുടെ ലിസ്റ്റും ഫോട്ടോയും ഇനിയും എത്തിച്ചിട്ടില്ലാത്തവർ ഉടൻതന്നെ അവ KSSS-ൽ എത്തിക്കുവാൻ താല്പര്യപ്പെടുന്നു.

*SS. 25 /2015* **നേത്രദാനം മഹാദാനം**

കോതമംഗലം രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റി നേത്രദാനം പ്രോത്സാഹിപ്പിക്കാൻ അങ്കമാലി ലിറ്റിൽഫ്ളവർ ആശുപത്രിയുമായി സഹകരിച്ച് ഒരു യൂണിറ്റ് ആരംഭിക്കുന്നു. വിദഗ്ദ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യന്മാർ കോതമംഗലം സോഷ്യൽ സർവ്വീസ് സൊസൈറ്റി നേത്രബാങ്ക് വാഹനത്തിൽ ഏറ്റവും പെട്ടെന്ന് ഓരോ സ്ഥലത്തും എത്തി നേത്രപടലം എടുക്കുന്നതാണ്. ഇതിനാവശ്യമായ എല്ലാ ചെലവുകളും കോതമംഗലം സോഷ്യൽ സർവ്വീസ് സൊസൈറ്റി വഹിക്കുന്നതാണ്. നമ്മുടെ ഇടവകകളെ കേന്ദ്രീകരിച്ച് പ്രവർത്തിച്ചാൽ വലിയ ഒരു സേവനമേഖലയായി ഇതിനെ വളർത്തിയെടുക്കുവാൻ നമുക്ക് സാധിക്കും. മരിച്ച വ്യക്തിയുടെ കുടുംബാംഗങ്ങളോ ബന്ധുക്കളോ നേത്രപടലം എടുക്കാൻ സമ്മതം നൽകുകയാണെങ്കിൽ താഴെ പറയുന്ന നമ്പറുകളിൽ ഏതിലെങ്കിലും ബന്ധപ്പെട്ട് വിവരം അറിയിച്ചാൽ ഉടൻ തന്നെ നേത്രപടലം എടുക്കുവാനുള്ള ക്രമീകരണം ചെയ്യുന്നതാണ്.

Mob. 9656130647, 9446720182, 9446720122, 8547396013

*Director*



## യുവദീപ്തി

*YD 21 /2015* **YOUCAT ക്വിസ് മത്സരം**

KCYM രൂപതാതലത്തിൽ ഒരുക്കിയ YOUCAT ക്വിസ് മത്സരത്തിൽ പങ്കെടുക്കുകയും വിജയം കരസ്ഥമാക്കുകയും ചെയ്ത എല്ലാ മത്സരാർത്ഥികൾക്കും അഭിനന്ദനങ്ങൾ.

**1-ാം സ്ഥാനം - കോതമംഗലം ഫൊറോന**

അജന ജോസ്, അർച്ചന ജോസ്

**2-ാം സ്ഥാനം - മൂവാറ്റുപുഴ ഫൊറോന**

ജെനീഷ് വർഗീസ്, മാത്യുസ് ഇമ്മാനുവൽ

**3-ാം സ്ഥാനം - മുതലക്കോടം ഫൊറോന**

ബിസ്മി സജി, മിന്റുമോൾ ജോളി

സമ്മാനങ്ങൾ: 1-ാം സ്ഥാനം 2000/- രൂപ
2-ാം സ്ഥാനം 1500/-രൂപ
3-ാം സ്ഥാനം 1000/-രൂപ

*YD 22 /2015* **Mini Youlit (യുവജന കൺവെൻഷൻ)**

യുവദീപ്തി KCYM കോതമംഗലം രൂപത യുവജനങ്ങൾക്കായ് മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് യുവജനകൺവെൻഷൻ ആഗസ്റ്റ് 15, 16 തീയതികളിൽ നടത്തുകയുണ്ടായി. അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്ത കൺവെൻഷനിൽ എല്ലാ ഇടവകകളിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

*YD 23 /2015* **സംഗമം 2015**

കോതമംഗലം രൂപതയിലെ KCYM യുവദീപ്തിയിലെ രൂപതാതല മുൻകാലഭാരവാഹികളുടെയും ഡയറക്ടർ അച്ചൻമാരുടെയും ആനിമേറ്റേഴ്സിന്റെയും കൂട്ടായ്മ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. കൂട്ടായ്മയിലേക്കു കടന്നുവന്ന എല്ലാ മുൻകാല ഭാരവാഹികൾക്കും ഒരായിരം നന്ദി.

*YD 24/2015* **ഷട്ടിൽ ടൂർണമെന്റ്**

ബോബി എം. പാലയ്ക്കൽ അനുസ്മരണാർത്ഥം നടത്തുന്ന ഷട്ടിൽ മത്സരം സെപ്റ്റംബർ 20-ാം തീയതി ഫൊറോനതലത്തിൽ നടത്താൻ ശ്രദ്ധിക്കുക.

*Director*

## ജീസസ് യൂത്ത്

*JY 19 /2015* **പ്രോലൈഫ് - എക്സിബിഷൻ**

ജീവന്റെ മൂല്യം ഉയർത്തിക്കാട്ടാനും, ജീവന്റെ സന്ദേശം പ്രചരിപ്പിക്കാനുമായി ജീസസ് യൂത്ത് പ്രോ-ലൈഫ് എക്സിബിഷൻ സംഘടിപ്പിക്കുന്നു. കോതമംഗലം ചെറിയ പള്ളിയിലെ കന്നി- 20 പെരുനാളിനോടനുബന്ധിച്ച് ഒക്ടോബർ 2, 3, 4 തീയതികളിൽ കെ.എസ്. ആർ.ടി.സി. ബസ് സ്റ്റാന്റിന് സമീപം ഉള്ള ചക്കിയത്ത് ബിൽഡിംഗിൽ ആണ് എക്സിബിഷൻ. ഏവർക്കും സ്വാഗതം.

*JY 20 /2015* **Night Vigil**

ജീസസ് യൂത്ത് കോതമംഗലം സോൺ നൈറ്റ് വിജിൽ ആഗസ്റ്റ് 8-ാം തീയതി 6.00 pm-ന് തുടങ്ങി ആഗസ്റ്റ് 9-ാം തീയതി 1.00 am-ന്



വി. ബലിയോടുകൂടി സമാപിച്ചു. അടുത്ത നൈറ്റ് വിജിൽ സെപ്തംബർ 12-ാം തീയതി ആയിരിക്കും.

*Animator*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 33 /2015* **രൂപത എക്സിക്യൂട്ടീവ്**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ എക്സിക്യൂട്ടീവ് സെപ്തംബർ 5-ന് ശനിയാഴ്ച രാവിലെ 10.00 മണിക്ക് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു.

*FA 34 /2015* **സമർപ്പിത വർഷാചരണം**

സമർപ്പിത വർഷത്തോടനുബന്ധിച്ച് ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ പ്രായമായവരും രോഗികളുമായ എല്ലാ സമർപ്പിതരെയും പ്രത്യേകം ആദരിക്കുന്നു. ഇതിന്റെ ഭാഗമായി 12, 19, 26 തീയകളിൽ ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ രൂപതാ ടീം സന്ദർശനം നടത്തുന്നതാണ്.

*FA 35 /2015* **മദ്ധ്യസ്ഥപ്രാർത്ഥനയും ഫാമിലി കൗൺസലിംഗും**

ഫാമിലി അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും കൗൺസലിംഗും 23-ാം തീയതി ബുധനാഴ്ച രാവിലെ 10.00 മണിമുതൽ 3.00 മണിവരെ NESTT ൽ വച്ച് നടത്തുന്നതാണ്.

*FA 36 /2015* **കുടുംബകൂട്ടായ്മ പ്രാർത്ഥനാ പുസ്തകം**

നമ്മുടെ ഇടവകകളിലെ വാർഡ് പ്രാർത്ഥനകൾക്ക് ഉപയോഗിക്കാവുന്ന ഒരു പ്രാർത്ഥനാ പുസ്തകം മുവാറ്റുപുഴ NESTT പാസ്റ്ററൽ സെന്റർ ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.

*FA 37 /2015* **വിവാഹ ഒരുക്ക സെമിനാർ**

Sept. 2 - 4 - NESTT

*FA 38 /2015* **വിവാഹ ഒരുക്ക സെമിനാർ വിവിധ രൂപതകളിൽ**

**ഒക്ടോബർ 2015**

| | |
|---|---|
| ചങ്ങനാശ്ശേരി | 12-14, 19-21, 26-28 |
| എറണാകുളം | 5-7, 12-14, 14-16, 19-21, 20-22, 26-28, 28-30 |

| | |
|---|---|
| ഇടുക്കി | 12-14, 26-29 |
| ഇരിങ്ങാലക്കുട | 5-7, 19-21 |
| കാഞ്ഞിരപ്പിള്ളി | 5-7, 29-31 |
| കോതമംഗലം | 7-9, 21-23 |
| കോട്ടയം | 8-10 |
| മാനന്തവാടി | 9-12, 25-28 |
| പാലാ | 12-14, 26-28 |
| പാലക്കാട് | 5-8 |
| തലശ്ശേരി | 6-8, 27-29 |
| താമരശ്ശേരി | 7-10 |
| തൃശൂർ | 7-9, 14-16, 21-23, 28-30 |

*Director*

## മാതൃദീപ്തി

*MD. 25 /2015* **ജൈവകൃഷി വിലയിരുത്തൽ**

- യൂണിറ്റുതലത്തിൽ: ഒക്ടോബർ 1 മുതൽ 15 വരെ.
- ഫൊറോന തലത്തിൽ: ഒക്ടോബർ 16 മുതൽ നവംബർ 15 വരെ.
- രൂപതാതലത്തിൽ: നവംബർ 16 മുതൽ ഡിസംബർ 20 വരെ.

കൃഷിയോടൊപ്പം ഭാരവാഹികൾ നിന്ന് എടുത്ത ഫോട്ടോ രൂപതാ കമ്മിറ്റിയെ ഏല്പിക്കണം.

*MD. 26 /2015* **രൂപതാ കമ്മിറ്റി**

സെപ്റ്റംബർ 7-ന് രൂപതാ കമ്മിറ്റി നെസ്റ്റിൽ വച്ച് കൂടുന്നു.

*MD. 27 /2015* **രൂപതാ കൗൺസിൽ**

ആഗസ്റ്റ് 22-ന് രൂപതാ കൗൺസിൽ നടന്നു. രാവിലെ 9-ന് രജിസ്ട്രേഷൻ ആരംഭിച്ചു. 9.30-ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് ഓണക്കളികൾ നടത്തി. 10.30-ന് സി. ഡോ. ഷാലു കോയിക്കര 'മാനസികാരോഗ്യവും കുടുംബജീവിതവും' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നയിക്കുകയും അതിനുശേഷം ഓണാഘോഷം നടത്തുകയും ചെയ്തു.

*Director*



## Emmanuel Retreat Centre, Vazhakulam

*ERC 3 /2015* **എമ്മാനുവേൽ ധ്യാനകേന്ദ്രത്തിൽ 2015 സെപ്തംബർ മാസത്തിലെ ശുശ്രൂഷകൾ**

1 ആദ്യവ്യാഴം (3-9-2015) ബഹു. വൈദികരുടെ കൂട്ടായ്മ.

7.00 pm മുതൽ 9.00 pm വരെ.

2 മാസാദ്യശനിയാഴ്ച (5-9-2015)

എമ്മാനുവേൽ ഏകദിന കൺവെൻഷൻ 9.00 am മുതൽ 3.00 pm വരെ ജപമാല, സ്തുതി ആരാധന, വചനപ്രഘോഷണം, വി. കുർബാന, ദൈവകരുണയുടെ നൊവേന, ദിവ്യകാരുണ്യ ആരാധന, രോഗശാന്തിശുശ്രൂഷ.

3 രണ്ടാം ശനിയാഴ്ച (12-9-2015)

എമ്മാനുവേൽ ക്രിസ്റ്റീൻ കൺവെൻഷൻ

9.00 am - 1.00 pm വരെ.

6 വയസ്സുമുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്കും അവരുടെ മാതാ പിതാക്കൾക്കും അദ്ധ്യാപകർക്കും വേണ്ടി

4 മാസാവസാന വെള്ളി (25-9-2015)

രാത്രി ആരാധന (Night Vigil)

4.30 pm മുതൽ 10.00 pm വരെ കുരിശിന്റെ വഴി, ദൈവകരുണയുടെ നൊവേന, വചനപ്രഘോഷണം, വി. കുർബാന, ദിവ്യകാരുണ്യ ആരാധന, ജപമാലപ്രദക്ഷിണം

5 എല്ലാ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ മദ്ധ്യസ്ഥപ്രാർത്ഥന, കുമ്പസാരം, കൗൺസലിംഗ്.

5.00 pm-ന് ജപമാല, വി. കുർബാന

6 എമ്മാനുവേൽ പ്രേഷിതകൂട്ടായ്മ - വ്യാഴാഴ്ചകളിൽ

9.00 am - 1.00 pm

7 മറ്റു ശനിയാഴ്ചകളിൽ - എമ്മാനുവേൽ കൂട്ടായ്മ

9.00 am മുതൽ 1.00 pm വരെ

വി. കുർബാന, ദൈവകരുണയുടെ നൊവേന, ആരാധന

*Director*

## ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

*AKCC 9 /2015* **മോചനയാത്ര**

കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന തലത്തിൽ 2015 ആഗസ്റ്റ് 1-ാം തീയതി മുതൽ 8-ാം തീയതി വരെ നടത്തിയ മോചനയാത്രക്ക് ആഗസ്റ്റ് 7-ാം തീയതി കോതമംഗലം രൂപതയിലെ വിവിധ സ്ഥലങ്ങളിൽ സ്വീകരണം നല്കുകയുണ്ടായി. ഈ സ്വീകരണങ്ങൾ വിജയിപ്പിച്ച ബഹു. അച്ചന്മാരോടും കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തകരോടും നന്ദി രേഖപ്പെടുത്തുന്നു.

*AKCC 10 /2015* **രൂപതാ വർക്കിംഗ് കമ്മിറ്റി**

ആഗസ്റ്റ് 18-ന് കോതമംഗലത്തു ചേർന്ന രൂപതാ വർക്കിംഗ് കമ്മിറ്റി യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങളുണ്ടായി.

- അംഗത്വവിതരണവുമായി ബന്ധപ്പെട്ട ലിസ്റ്റ് സെപ്തംബർ 15-ന് മുമ്പ് രൂപതാ സമിതിയെ ഏല്പിക്കേണ്ടതാണ്.
- സെപ്തംബർ 21-ാം തീയതി കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതയുടെ വാർഷിക പൊതുയോഗം നടത്താൻ തീരുമാനിച്ചു. ഈ യോഗത്തിൽ യൂണിറ്റ് ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, രൂപതാ പ്രതിനിധികൾ, ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, രൂപതാ വർക്കിംഗ് കമ്മിറ്റി അംഗങ്ങൾ മുതലായവർ പങ്കെടുക്കേണ്ടതാണ്.

കത്തോലിക്കാ കോൺഗ്രസ് ആരംഭിക്കുന്ന മൈക്രോഫിനാൻസിനെപ്പറ്റി പ്രസ്തുത യോഗത്തിൽ ക്ലാസ് ഉണ്ടായിരിക്കുന്നതാണ്.

*Director*

## NESTT Programme
**Ph. 0485 - 2830033**

| | | | |
|---|---|---|---|
| Sept. | 2 - 4 | - | Pre-Marriage Course |
| " | 4 - 6 | - | Catechism Teachers' Meeting |
| " | 6 | - | JCY Meet |
| " | 12 | - | Catechism - Contact Class |
| " | 13 - 18 | - | Annual Retreat for Priests - First Batch |
| " | 20 - 25 | - | Annual Retreat for Priests - Second Batch |

*Director*



## Festal Greetings

| | | | |
|---|---|---|---|
| Rev. Fr. | Athickal Mathew | **September** | 21 |
| ” | Areekkatt Mathew | ” | 21 |
| ” | Chandrankunnel Mathew | ” | 21 |
| ” | Chamakalayil Mathew | ” | 21 |
| ” | Edattu Mathews | ” | 21 |
| ” | Ezhanikatt Mathew | ” | 21 |
| ” | Kakkanatt Mathew (Jr.) | ” | 21 |
| ” | Kizhakedath Mathew | ” | 21 |
| ” | Konickal Mathew | ” | 21 |
| ” | Kochumundanmalayil Mathew | ” | 21 |
| ” | Kochupurackal Mathew | ” | 21 |
| ” | Kochupurackal Mathew (Jr.) | ” | 21 |
| ” | Kunnath Mathew | ” | 21 |
| ” | Kunnappillil Mathew | ” | 21 |
| ” | Maliekal Mathews | ” | 21 |
| ” | Mundackal Mathew M. | ” | 21 |
| ” | Mundackal Mathew (Sr.) | ” | 21 |
| ” | Mundackal Mathew (Jr.) | ” | 21 |
| ” | Nandalath Mathews | ” | 21 |
| Mgr. | Palamattam Mathew | ” | 21 |
| Rev. Fr. | Pittapillil Mathew | ” | 21 |
| ” | Pothanamuzhi Mathew | ” | 21 |
| ” | Poonat Mathew | ” | 21 |
| ” | Thekkekara Mathew (Sr.) | ” | 21 |
| ” | Thekkekara Mathew (Jr.) | ” | 21 |
| ” | Thekkumkattil Mathew | ” | 21 |
| ” | Thevarpadam Mathews | ” | 21 |
| ” | Thottathimyalil Mathew | ” | 21 |
| ” | Thozhalay Mathew | ” | 21 |
| ” | Vadakkumpadath Mathew | ” | 21 |
| ” | Valiamattam Mathew | ” | 21 |
| Mgr. | Vellankal Mathew | ” | 21 |
| Rev. Fr. | Nedungattu Vincent | ” | 28 |

## വാർത്തയും വിശേഷങ്ങളും

## The forthcoming programmes in the Year of the Consecrated conducted at POC

1. Consecrated life and its Psychological dimensions
   - Dr.George Manlel V.C.
   October 2-4
2. Self awareness and Psycho- Spiritual Integration of Religious
   - Dr. Tomy Tharayil
   September 18-20
   October 16-18
3. Seminar on the Encyclical letter - Laudato Si'
   Three day seminar- Sep 4-6

---

### ആരാധനക്രമ വിശ്വാസപരിശീലനഗ്രന്ഥം

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെ മാതൃകയിൽ സീറോമലബാർസഭാസിനഡ് പ്രസിദ്ധീകരിച്ച ആരാധനക്രമവിശ്വാസപരിശീലനഗ്രന്ഥത്തിന്റെ പ്രകാശനം മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സഭാസിനഡിൽ നിർവഹിച്ചു.

സഭയുടെ ലിറ്റർജിക്കൽ കാറ്റെക്കെറ്റിക്കൽ കമ്മീഷനുകളുടെ നേതൃത്വത്തിൽ വൈദികർക്കും സന്യസ്തർക്കും അല്മായർക്കും ഉപയോഗിക്കത്തക്കവിധത്തിൽ തയ്യാറാക്കിയിരിക്കുന്ന ഈ ഗ്രന്ഥം ആദിമസഭയുടെ വിശ്വാസപരിശീലനക്രമമായിരുന്ന മിസ്റ്റഗോജിക്കൽ കാറ്റെക്കേസിസിന്റെ ശൈലിയിലാണ് രൂപപ്പെടുത്തിയിരിക്കുന്നത്. കാക്കനാട്ടുള്ള സഭയുടെ ആസ്ഥാനകാര്യാലയമാണ് ഈ ഗ്രന്ഥം വിതരണം ചെയ്യുന്നത്.

---

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജൂലൈ**

25 • വെളിയേൽച്ചാൽ മഠത്തിൽ പുതിയതായി നിർമ്മിച്ച ചാപ്പലിന്റെ പ്രതിഷ്ഠാകർമ്മം നിർവഹിച്ചു.



26 • ഭരണങ്ങാനം വി. അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിൽ വിശുദ്ധയുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

27 • വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ഫസ്റ്റ് ഇയർ സ്റ്റുഡന്റസിന്റെ ക്ലാസ്സുകൾ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

28 • ഉപ്പുകുന്ന് വി. അൽഫോൻസാ ദൈവാലയത്തിൽ ഇടവകമദ്ധ്യസ്ഥയുടെ തിരുനാളിൽ വി. കുർബാന അർപ്പിക്കുകയും നേർച്ച സദ്യ വെഞ്ചരിക്കുകയും ചെയ്തു.

30 • മൂവാറ്റുപുഴ ഇടവക മടേയ്ക്കൽ ആന്റണിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

• കോതമംഗലം കത്തീഡ്രൽ ഇടവകാംഗം ആടുകുഴി ആന്റണി അബ്രാഹമിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**ആഗസ്റ്റ്**

1 • ആലുവ എഫ്.സി.സി. ജനറലേറ്റിൽ സമർപ്പിത സംഗമത്തോടും 25, 50 വർഷ ജൂബിലിക്കാരുടെ ഒത്തുചേരലിനോടും അനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

2 • അജപാലക സന്ദർശനം - നാകപ്പുഴ

3 • മൂവാറ്റുപുഴ നിർമ്മല ഫാർമസി കോളേജിന്റെ ചാപ്പൽപ്രതിഷ്ഠാകർമ്മം നടത്തുകയും, 2015-16 അദ്ധ്യയനവർഷത്തിലെ ബി. ഫാം, ഫാം. ഡി. കോഴ്സുകളുടെ ആരംഭം കുറിക്കുകയും ചെയ്തു.

• രൂപതാ മൈനർ സെമിനാരിയിൽ വിയാനി ദിനത്തോടനുബന്ധിച്ച് നടന്ന മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി.

4-8 • കെ.സി.ബി.സി.

9 • അജപാലക സന്ദർശനം - ഏനാനല്ലൂർ

11-12 • Young Priests' Seminar - NESTT

15 • കോട്ടയം അതിരൂപതയുടെ കീഴിലുള്ള പറമ്പഞ്ചേരി സെന്റ് സ്റ്റീഫൻ ദൈവാലയത്തിൽ വി. ബലി അർപ്പിച്ച് സന്ദേശം നൽകു

കയും, സ്വതന്ത്ര ഇന്ത്യയുടെ 69-ാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പള്ളിയങ്കണത്തിൽ ദേശീയ പതാക ഉയർത്തുകയും ചെയ്തു.

- ഇടുക്കി രൂപതാംഗമായ ബഹു. ജോസ് കരിവേലിക്കലച്ചന്റെ മാതാവിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

16 • അജപാലക സന്ദർശനം - ചാലാശ്ശേരി

- ബഹു. ഫ്രാൻസീസ് ആലപ്പാട്ടച്ചന്റെ മാതാവ്, ചിലവ്, ആലപ്പാട്ട് മറിയം ഉലഹന്നാന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

17-29• സിനഡ് - കാക്കനാട്

30 • അജപാലക സന്ദർശനം - അരിക്കുഴ

## Bishop's Engagements

SEPTEMBER 2015

| | | | | |
|---|---|---|---|---|
| 1 | Tue | Holy Qurbana | Kavakkad | 7.00 am |
| 2 | Wed | Holy Qurbana | Benedictine Ashram, Kappad | 6.30 am |
| 3 | Thu | Blessing | Holy Family Convent, Kadalikad | 3.00 pm |
| 4 | Fri | Holy Qurbana | Nakapuzha | 4.00 pm |
| 5 | Sat | Holy Qurbana | Rajakumary | 11.00 am |
| 6 | Sun | Pastoral Visit | Inchoor | |
| 7 | Mon | Blessing | Love Home, Njarakkad | 11.00 am |
| 8 | Tue | Holy Qurbana | Nediasala | 10.00 am |
| 12 | Sat | Jubilee | Cathedral | 10.30 am |
| 13-18 | | Annual Retreat for Priests | NESTT | |
| 15 | Tue | Episcopal Ordination | Satna | |
| 20-25 | | Annual Retreat for Priests | NESTT | |
| 26 | Sat | Jubilee | Kodikulam | 10.30 am |
| 29 | Tue | Presbyteral Council | Bishop's House | 10.00 am |



## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോൺ പിണക്കാട്ട് | ചരമദിനം | 02-10-2005 |
| ഫാ. ജോസഫ് പുത്തൻകുളം | " | 02-10-2005 |
| ഫാ. ആന്റണി നെടുമ്പുറം | " | 03-10-2008 |
| ഫാ. ജോസഫ് പെരുമ്പനാനിക്കൽ | " | 20-10-2002 |
| ഫാ. അഗസ്റ്റിൻ ചെമ്പരത്തി | " | 22-10-1964 |
| ഫാ. ജെയിംസ് വെമ്പിള്ളി (Sr.) | " | 22-10-1973 |
| ഫാ. ജോർജ് അറുകാലിൽ | " | 25-10-2003 |
| മോൺ. കുര്യാക്കോസ് നമ്പ്യാപറമ്പിൽ | " | 29-10-1971 |
| ഫാ. മാത്യു തറയിൽ | " | 31-10-2013 |

## നിര്യാതയായി

### സി. ഗ്രാസിയ MSJ

| | | |
|---|---|---|
| ഇടവക | : | ബെത്ലെഹം |
| ജനനം | : | 20-08-1938 |
| ആദ്യവ്രതം | : | 24-09-1959 |
| നിത്യവ്രതം | : | 08-09-1965 |
| മരണം | : | 03-08-2015 |
| മൃതസംസ്കാരം | : | 06-08-2015 (ധർമ്മഗിരി പ്രൊവിൻഷ്യൽ ഹൗസ്, തങ്കളം) |